**കേരള സർക്കാർ**

സംഗ്രഹം

**തദ്ദേശസ്വയംഭരണ വകുപ്പ് - ഇന്ദിരാ ആവാസ് യോജന - ഭവന നിർമ്മാണ ധനസഹായം - ഗഡുക്കൾ പുനർനിർശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

**തദ്ദേശസ്വയംഭരണ (ഡിഡി) വകുപ്പ്**

**സ.ഉ(സാധാ) നം. 2826/2012/തസ്വഭവ** **തിരുവനന്തപുരം, തീയതി, 09.10.2012**

പരാമർശം:- 1. സ.ഉ(സാധാ). 48/2009/തസ്വഭവ തീയതി 05.01.2009.
2. സ.ഉ(കൈ). നം. 2/2012/തസ്വഭവ തീയതി 02.01.2012.
3. സ.ഉ(കൈ). നം. 68/2012/തസ്വഭവ തീയതി 16.03.2012.
4. ഗ്രാമവികസന കമ്മീഷണറുടെ 22.05.2012 തീയതിയിലെ 11633/ജെ.ആർ.വൈ1/12/സി.ആർ.ഡി നമ്പർ കത്ത്.

## ഉത്തരവ്

കേന്ദ്രാവിഷ്കൃത പദ്ധതിയായ ഇന്ദിരാ ആവാസ് യോജന പ്രകാരം ധനസഹായം അനുവദിക്കുന്നതിന് ഗഡുക്കൾ നിശ്ചയിച്ച് കൊണ്ട് സൂചന (1) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. ടി പദ്ധതി പ്രകാരമുള്ള ധനസഹായം, പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ ഗുണഭോക്താക്കൾക്ക് യഥാക്രമം 2 ലക്ഷം രൂപയായും 2.50 ലക്ഷം രൂപയായും സൂചന (2) പ്രകാരം വർദ്ധിപ്പിച്ച് 15.09.2011 മുതൽ പ്രാബല്യം നൽകി ഉത്തരവായിട്ടുണ്ട്. പൊതുവിഭാഗത്തിൽ പെട്ട ഗുണഭോക്താക്കൾക്കും സൂചന (3) പ്രകാരം ധനസഹായം 2 ലക്ഷം രൂപയായി വർദ്ധിപ്പിച്ച് 15.09.2011 മുതൽ പ്രാബല്യം നൽകി ഉത്തരവായിട്ടുണ്ട്.

മേൽ പരാമർശിച്ച രീതിയിൽ ഇന്ദിരാ ആവാസ് യോജനപ്രകാരമുള്ള ധനസഹായം വർദ്ധിപ്പിച്ച സാഹചര്യത്തിൽ, ഗഡുക്കൾ പുനർനിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിക്കുവാൻ സൂചന (4) പ്രകാരം ഗ്രാമവികസന കമ്മീഷണർ അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ഇന്ദിരാ ആവാസ് യോജനപ്രകാരമുള്ള ധനസഹായം വർദ്ധിപ്പിച്ച സാഹചര്യത്തിൽ, ടി ധനസഹായം

നൽകുന്നതിനുള്ള ഗഡുക്കൾ താഴെ പരാമർശിക്കും പ്രകാരം പുനർനിർണ്ണയിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| *ഗഡു* | **പൊതു വിഭാഗം** | **പട്ടികജാതി വിഭാഗം** | **പട്ടികവർഗ്ഗ വിഭാഗം** |
|---|---|---|---|
| ഒന്നാം ഗഡു - ഭൂമി പരിഷ്കരിച്ച് ഫൗണ്ടേഷൻ കഴിച്ച ശേഷം | 60,000 | 60,000 | 75,000 |
| രണ്ടാം ഗഡു - ഫൗണ്ടേഷൻ പൂർത്തിയാക്കി, മണ്ണിടൽ പൂർത്തിയാക്കുമ്പോൾ | 80,000 | 80,000 | 1,00,000 |
| മൂന്നാം ഗഡു - മേൽക്കൂര പണി പൂർത്തിയാക്കുമ്പോൾ (ഓടിടൽ/ കോൺക്രീറ്റ് പൂർത്തിയാക്കുമ്പോൾ) | 40,000 | 40,000 | 50,000 |
| എല്ലാ പണികളും പർത്തിയാക്കി വാസയോഗ്യമാക്കുമ്പോൾ | 20,000 | 20,000 | 25,000 |
| **ആകെ** | **2,00,000** | **2,00,000** | **2,50,000** |

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**ജി. ശിവപ്രസാദ്**
അഡീഷണൽ സെക്രട്ടറി

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. പ്രസിഡണ്ട്/സെക്രട്ടറി, എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും.( പഞ്ചായത്ത് ഡയറക്ടർ, മുഖേന)
4. അക്കൗണ്ടന്റ് ജനറൽ ( എ&ഇ), തിരുവനന്തപുരം.
5. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
6. പ്രസിഡണ്ട്/സെക്രട്ടറി, എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും.(ഗ്രാമവികസന കമ്മീഷണര് മുഖേന)
7. പ്രസിഡണ്ട്/സെക്രട്ടറി, എല്ലാ ജില്ലാ പഞ്ചായത്തുകൾക്കും.
8. ഡയറക്ടർ, ഇൻഫർമേഷൻ കേരള, തിരുവനന്തപുരം.
9. കരുതൽ ഫയൽ
10. ഓഫീസ് കോപ്പി.

*ഉത്തരവിൻപ്രകാരം*

***സെക്ഷൻ ഓഫീസർ***